**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4749** **02-07-2024 - ല്‍ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തില്‍ പുനര്‍ഗേഹം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാന്‍<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | അമ്പലപ്പുഴ മണ്ഡലത്തില്‍ നടപ്പാക്കുന്ന പുനര്‍ഗേഹം പദ്ധതിയുടെ നിര്‍മ്മാണ പുരോഗതി വെളിപ്പെടുത്താമോ; എത്ര കുടുംബങ്ങള്‍ക്കാണ് ഈ പദ്ധതി പ്രകാരം വീടുകള്‍ നിര്‍മ്മിക്കുന്നത്; ഇതിന്റെ നിര്‍മ്മാണം എന്നത്തേക്ക് പൂര്‍ത്തിയാക്കി ഗുണഭോക്താക്കള്‍ക്ക് കൈമാറാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | (എ) | പുനര്‍ഗേഹം പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തില്‍ നാളിതുവരെ 481 ഗുണഭോക്താക്കള്‍ ഭൂമി വാങ്ങി രജിസ്ട്രേഷന്‍ നടപടികള്‍ പൂര്‍ത്തീകരിച്ചിട്ടുണ്ട്. ഇതില്‍ 345 ഗുണഭോക്താക്കള്‍ക്ക് പദ്ധതി പ്രകാരമുള്ള ധനസഹായം പൂര്‍ണ്ണമായും അനുവദിച്ച് നല്‍കിയിട്ടുണ്ട്. ബാക്കിയുള്ള 136 ഗുണഭോക്താക്കള്‍ ഭവന നിര്‍മ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.<br><br>പദ്ധതി പ്രകാരം അമ്പലപ്പുഴ മണ്ഡലത്തില്‍ നടപ്പാക്കുന്ന മണ്ണുംപുറം ഭവന സമുച്ചയ പദ്ധതി പുരോഗമിച്ചു വരികയാണ്. സിവില്‍ പ്രവൃത്തികള്‍ പൂര്‍ത്തീകരണ ഘട്ടത്തിലാണ്. 204 വ്യക്തിഗത ഫ്ലാറ്റുകളാണ് പദ്ധതിയില്‍ ഉള്‍പ്പെടുത്തി നിര്‍മ്മിച്ചു വരുന്നത്. പദ്ധതി ഡിസംബര്‍ 2024-ഓടെ പൂര്‍ത്തീകരിക്കുന്നതിനാവുമെന്നാണ് നിര്‍മ്മാണ ചുമതലയുള്ള കേരള സംസ്ഥാന തീരദേശ വികസന കോര്‍പ്പറേഷന്‍ അറിയിച്ചിട്ടുള്ളത്. |

സെക്ഷന്‍ ഓഫീസര്‍